വീടുകൾ ഗുണഭോക്താക്കൾ നേരിട്ടും പൂർത്തിയാക്കിയിട്ടുള്ളതാണ്. സംസ്ഥാന നിർമ്മിതി കേന്ദ്രം മുഖേന പൂർത്തിയാക്കിയ 185 വീടുകൾ ഗുണ ഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

(സി)

1. ഭൂമിയുടെ ലഭ്യതയനുസരിച്ച് ഒരേക്കർ മുതൽ 5 ഏക്കർ വരെ ഭൂമി വിതരണം.

2. ഇവർക്ക് സ്ഥിരമായി വരുമാനം ഉണ്ടാക്കുന്നതിന് സഹായകമായ തൊഴിൽ സൗകര്യങ്ങളും മറ്റു സംരംഭങ്ങളും.

3. ഈ പ്രദേശങ്ങളിൽ അധിവസിക്കുന്ന ആദിവാസികളുടെ ഭൂമിയും സംസ്ക്കാരവും സംരക്ഷിക്കുന്നതിന് നടപടികൾ.

4. ആദിവാസികളുടെ സർവ്വതോന്മുഖമായ വികസന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിലും നടപ്പാക്കുന്നതിലും ആദിവാസികളുടെ പങ്കാളിത്തം ഉറപ്പാക്കൽ.

5. ഒരു അംഗനവാടി ആരംഭിച്ചു.

6. പുനരധിവസിപ്പിക്കപ്പെട്ടവർക്കായി പുതിയ റേഷൻ ഷാപ്പ് ഏർപ്പെടുത്തി.

7. താൽക്കാലിക ഷെഡ് പണികഴിപ്പിക്കുന്നതിനും കാർഷിക ഉപകരണങ്ങൾ വാങ്ങുന്നതിനും ധനസഹായം അനുവദിച്ചു.

8. Mobile Health യൂണിറ്റ് ആരംഭിച്ചു.

(ഡി) ആദിവാസി പുനരധിവാസ പദ്ധതി 5 വർഷത്തിനകം പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

കള്ള് ചെത്ത് തൊഴിലാളികൾക്ക് പ്രത്യേക അപകട ഇൻഷ്വറൻസ് പദ്ധതി

30 (*450) ശ്രീ. എം. കെ. പുരുഷോത്തമൻ :
ശ്രീ. വി. എൻ. വാസവൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കള്ളുചെത്ത് തൊഴിലാളികൾക്ക് പ്രത്യേക അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ക്ഷേമനിധിയിൽ അംഗങ്ങളായ എല്ലാവർക്കും അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ഡി) കള്ളുചെത്ത് വ്യവസായം സഹകരണാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കുന്നതുസംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ) :

(എ) കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളെ അപകട ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി ലിമിറ്റഡ് തയ്യാറാക്കി ബോർഡ് യോഗം അംഗീകരിച്ച കരട് ധാരണാ പത്രം നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ടി പദ്ധതിയിൽ 39,224 തൊഴിലാളികളെ ഉൾപ്പെടുത്താവുന്നതാണ്. ഒരു വർഷത്തേക്കുള്ള പ്രീമിയം തുക ഒരാൾക്ക് 76 രൂപ എന്ന നിരക്കിൽ വാർഷിക ചെലവ് 29,81,024 രൂപയാണ്. പ്രീമിയം തുകയുടെ ഉറവിടം ബോർഡിന്റെ അപകട ആശ്വാസ ഫണ്ട് ആയിരിക്കും. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്ന തൊഴിലാളികളെ BPL ലിസ്റ്റിലുള്ള കുടുംബങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ അനുവദിച്ചുകൊണ്ട് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതിയിൽ അംഗങ്ങളാകുന്ന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ ഫീസായി കുടുംബം ഒന്നിന് 30 രൂപ നിരക്കിൽ കേരള കള്ള് ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡ് നൽകേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ നിലവിൽ ബോർഡിൽ നിന്നും വിരമിച്ച 13,571 തൊഴിലാളികളെ ടി പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ക്ഷേമനിധിയിൽ അംഗങ്ങളായ എല്ലാ തൊഴിലാളികളെയും അപകട ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പെൻഷനായി തൊഴിലാളികളെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) നിലവിൽ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് ജില്ലകൾ പൂർണ്ണമായും, എറണാകുളം ജില്ലയിലെ ചില റെയിഞ്ചുകളും സഹകരണ സംഘങ്ങളാണ് നടത്തുന്നത്. സഹകരണാടിസ്ഥാനത്തിൽ കള്ള് ചെത്തു വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനായി ഷാപ്പുകളുടെ റെന്റൽ തുക 12 ഗഡുക്കളായി ഒടുക്കുവാൻ അവസരം നൽകി. കൂടാതെ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെ ഏകീകരിക്കുന്നതിനായി ഒരു അപ്പെക്സ് ബോഡി രൂപീകരിക്കുവാനും തീരുമാനമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly